**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - 2015 - 2016 വർഷത്തെ നിക്ഷേപ സമാഹരണ ലക്ഷ്യം നിശ്ചയിച്ചതിന്റെ ഭാഗമായി സ്കൂൾ സഞ്ചയികാ സ്കീമിന് പ്രോത്സാഹന അലവൻസ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം.സി ) വകുപ്പ്**

സ.ഉ. (സാധാ) നം.7014/2015/ധന തീയതി, തിരുവനന്തപുരം, 30/07/2015.

---

പരാമർശം :- 1. സ.ഉ. (സാധ) നം. 5183/2015/ധന. തീയ്യതി. 28/05/2015.

2. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ 16.06.2015 തീയ്യതിയിലെ 2333/ദേ.സ.പ-ബി2/2015/ധന. നമ്പർ അനൗദ്യോഗിക ഫയൽ

**ഉത്തരവ്**

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് 2015-2016 സാമ്പത്തിക വർഷത്തിൽ 1000 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ പരാമർശം (1) ലെ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ സഞ്ചയികാ സ്കീം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സഞ്ചയികയിലുണ്ടാകുന്ന ഓരോ വർഷത്തെയും പുതിയ നിക്ഷേപത്തിന് (വർഷം മുഴുവൻ നിലനിൽക്കുന്ന ബാലൻസിന്) 0.5% നിരക്കിൽ പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ/ഹെഡ് മിസ്ട്രസിന് പ്രോത്സാഹന അലവൻസ് നൽകുന്നതിനും തീരുമാനിച്ചിരുന്നു.

സ്കൂൾ സഞ്ചയിക സ്കീം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2015 ജൂൺ മുതലുള്ള സഞ്ചയിക നിക്ഷേപത്തിന് 0.5% നിരക്കിൽ താഴെ പറയുന്ന നിബന്ധനകളോടെ പ്രോത്സാഹന അലവൻസ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സഞ്ചയികയുടെ പേരിൽ പോസ്റ്റ് ഓഫീസിൽ ആരംഭിച്ചിട്ടുള്ള SB അക്കൗണ്ടിൽ ഓരോ വർഷവും ജൂൺ 1 മുതൽ മാർച്ച് 31 വരെ നിലനിൽക്കുന്ന ബാലൻസിനായിരിക്കും പ്രോത്സാഹന അലവൻസ് അനുവദിക്കുക.
2. കുറഞ്ഞത് 10,000/- രൂപയെങ്കിലും നിക്ഷേപം ഉണ്ടായിരിക്കണം.
3. 10,000/- രൂപയ്ക്കും അതിന് മുകളിലുള്ള ഓരോ 1000/- രൂപയുടെ ഗുണിതങ്ങൾക്കുമായിരിക്കും പ്രോത്സാഹന അലവൻസ് നൽകുക.
4. പ്രോത്സാഹന അലവൻസിനുള്ള അപേക്ഷ നൽകേണ്ടത് സ്കൂളിലെ ഹെഡ് മാസ്റ്റർ/ഹെഡ് മിസ്ട്രസ്സ്/ പ്രിൻസിപ്പാൾ ആയിരിക്കണം.
5. ഓരോ സാമ്പത്തിക വർഷത്തെയും സഞ്ചയികാ പ്രോത്സാഹന അലവൻസിനുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ പാസ്സ് ബുക്കിന്റെ ഫോട്ടോ കോപ്പി സഹിതം അടുത്ത ജൂൺ 30 -നുള്ളിൽ സമർപ്പിക്കേണ്ടതാണ്.
6. 2 വർഷത്തിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
7. ഈ പ്രോത്സാഹന അലവൻസ് സ്കൂളിലെ സഞ്ചയിക ടീച്ചർക്കും ഹെഡ് മാസ്റ്റർക്കും തുല്യമായി പങ്ക് വയ്ക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കൃഷ്ണകുമാരി. എ.വി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

(മറുപുറം)

പകർപ്പ്

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൌണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4.ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
5.എല്ലാ ജില്ലാ കളക്ടർമാർക്കും
6.എല്ലാ ജില്ലാ ഓഫീസർമാർക്കും
7.നോഡൽ ഓഫീസർ, www.finance.kerala.gov.in
8.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ